# അച്ചായന്മാരുടെ ആണ്ടു കുമ്പസാരം

**അലക്സ്, കാലിഫോർണിയ**

ഞങ്ങൾ അച്ചായന്മാർ എന്തുകൊണ്ടും ഭാഗ്യവാന്മാരാണ്. കത്തോലിക്കർ മുതൽ പെന്ത ക്കോസ്തുകാർ വരെ ഈ കൂട്ടത്തിൽപ്പെടും.

ചെയ്തുകൂട്ടുന്ന ചെറുതും വലുതുമായ സകലപാപങ്ങളും ഏറ്റുപറഞ്ഞാൽ കർത്താവ് ക്ഷമിക്കും. ആ വലിയ ഭാഗ്യത്തിനും ഞങ്ങൾ എല്ലാവരും കർത്താവിനോടും നന്ദിയുള്ളവരാണ്..

ചിലർ നന്ദിസൂചകമായി മെഴുകുതിരി കത്തിക്കുന്നു. മറ്റുചിലർ സ്തോത്രം പറയുന്നു. ബേസി ക്കലി രണ്ടിന്റെ ഉപയോഗം ഒന്ന് തന്നെ. അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറയണ്ട.

ഈ വിശുദ്ധവാരത്തിൽ എല്ലാവർഷത്തേപ്പോലും ആണ്ടു കുമ്പസാരം ഉണ്ട്. പെസഹാ വ്യാഴത്തിന്റെ തലേന്ന് പെസഹാ ബുധൻ. തിരുശരീരവും തിരുരക്തവും പങ്കുവെച്ച വലിയ രഹസ്യം ഓർമ്മിപ്പിക്കുന്ന ദിവസം ആണല്ലോ പെസഹാ വ്യാഴം.

നമ്മുടെ സ്വന്തം പൂഞ്ഞാറുകാരൻ പുലി സാക്ഷാൽ പി. സി. ജോർജ്ജ് കഴിഞ്ഞ ദിവസം ആണ്ടു കുമ്പസാരത്തിനും ബുധന് അവധി വേണമെന്ന് നിയമസഭയിൽ ധനകാര്യബിൽ ഭേദഗതി നിർദ്ദേശ ചർച്ചയ്ക്കിടെ പറഞ്ഞു.

“നാളെയാണ് ആണ്ടു കുർബാന, അതുകഴിഞ്ഞ് കുമ്പസരിക്കാൻ പറ്റില്ല; അപ്പോ നാളെ നിയമസഭ വെച്ചിരിക്കയാണ്, ക്രിസ്തീയനായ ഞാൻ ആണ്ടുകുമ്പസാരം എങ്ങനെ നടത്തും. അപ്പോ എന്നെ പാപത്തിൽ പറഞ്ഞുവിടുമോ” എന്നാണ് പി. സി. സാർ ചോദിച്ചത്.

നമ്മുടെ പൂഞ്ഞാർ അച്ചായനുള്ള പാപബോധത്തിന്റെ ഒരല്പം നമുക്കൊക്കെ ഉണ്ടായിരു ന്നുവെങ്കിൽ നമ്മുടെ നാട് എന്നേ നന്നായേനേ.

ജോർജ്ജിന്റെ ആവശ്യത്തോട് വളരെ രസകരമായാണ് ഭരണ-പ്രതിപക്ഷാംഗങ്ങൾ പ്രതി കരിച്ചത്. ഇത്രയും നാൾ ചെയ്ത പാപങ്ങൾ എല്ലാം ഏറ്റുപറയേണ്ടി വരും. അത് ഏറ്റ് പറയുവാ നുള്ള അവസരമാണ് പി. സി. ചോദിച്ചത് എന്ന് അടൂർ പ്രകാശ്. പി. സിക്ക് കുമ്പസാരിക്കാൻ ഒരു ദിവസം പോരെന്ന് ആർ. രാജേഷും കുമ്പസാരം കേൾക്കുന്ന അച്ചന്റെ അവസ്ഥ എന്താകുമെന്ന് ചിറ്റയം ഗോപകുമാറും ചോദിച്ചു.

എന്നാൽ ഇതുകൊണ്ടൊന്നും പി. സി. കുലുങ്ങിയില്ല. “കൊച്ചുങ്ങളാണ് അതിനാൽ ക്ഷമിച്ചു എന്നും ഒരു മിനിട്ടു മതി തനിക്ക് കുമ്പസരിക്കാനെന്നും” പി. സി. സഭയെ അറിയിച്ചു. സത്യക്രി സ്ത്യാനിയല്ലാത്തതിനാലാണ് മന്ത്രി തോമസ് ഐസക്കിന് പെസഹാബുധന്റെ പ്രാധാന്യം അറി യാത്തത് എന്ന് പി. സി., നമ്മുടെ തോമാച്ചൻ മന്ത്രിയോട് പറഞ്ഞു.

എന്തായാലും പി. സി.യുടെ കുമ്പസാരം കൊണ്ട് അൾത്താരയിലെ ക്രൂശിതരൂപനായ കർത്താവ് ഇറങ്ങിഓടിയോ ആവോ?

എല്ലാവർക്കു ജാതിമതഭേദമന്യേ ഉയിർപ്പ് പെരുന്നാൾ ആശംസകൾ!!!

********